# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3090 — 11/12/2014 ൽ മറുപടിയ്ക്ക്

**ചാലക്കുടി താലൂക്കിൽപ്പെട്ട പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് പട്ടയം**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) ചാലക്കുടി താലൂക്കിൽപ്പെട്ട വില്ലേജുകളിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) 1) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമികൾ പതിച്ചു നൽകുന്നത് സംബന്ധിച്ച് 30 കേസുകളിൽ നടപടികൾ പൂർത്തിയാക്കി ഭൂമിപതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>2) പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ് എന്നിവയിൽ ഉൾപ്പെട്ട മുഴുവൻ പട്ടയ കേസുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കുകയും എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ NOC ലഭ്യമായിട്ടില്ലാ-ത്തതുമാണ്.<br>3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ, കുളം, ചിറ തുടങ്ങിയ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>4) പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ള 7 കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ചതും പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്തതുമായ വിവിധ അപേക്ഷകളിൽ ഉടൻ പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC ലഭിച്ചാലുടൻ പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്ത കേസുകളിൽ പട്ടയം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെയും NOC യുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ